# വിദ്യാലയത്തിന്റെ അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | വിദ്യാലയത്തിന്റെ പേര് | : | ഗവ എച്ച്. എസ്. പാപ്പനംകോട്, |
| | വിലാസം | | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് പി.ഒ തിരുവനന്തപുരം - 695019 |
| | ഫോൺ | : | 0471 - 2494307 |
| 2 | സ്കൂൾ കോഡ് | : | 43075 |
| 3 | വിദ്യാഭ്യാസ ഉപ ജില്ല | : | തിരുവനന്തപുരം |
| 4 | വിദ്യാഭ്യാസ ജില്ല | : | തിരുവനന്തപുരം |
| 5 | റവന്യൂ ജില്ല | : | തിരുവനന്തപുരം |
| 6 | ബി.ആർ.സി | : | സൗത്ത് |
| 7 | സി.ആർ. സി | : | പാപ്പനംകോട് |
| 8 | നിയമസഭാ മണ്ഡലം | : | നേമം |
| 9 | ലോകസഭാ മണ്ഡലം | : | തിരുവനന്തപുരം |
| 10 | താലൂക്ക് | : | തിരുവനന്തപുരം |
| 11 | വില്ലേജ് | : | നേമം |
| 12 | ഈ-മെയിൽ | : | ghsppd@gmail.com |
| | സ്കൂൾ വിക്കി | : | ഉണ്ട് |

# സവിശേഷ ലക്ഷ്യങ്ങൾ

| വിഷയം | ലക്ഷ്യം | പ്രവർത്തനം |
|---|---|---|
| 1. ഇംഗ്ലീഷ് | 1. ഇംഗ്ലീഷ്<br>2. ഇംഗ്ലീഷ് ലാബ്<br>3. ഇംഗ്ലീഷ് ഫെസ്റ്റ്<br>4. ഇംഗ്ലീഷ് അസംബ്ലി | ഇംഗ്ലീഷ് അക്ഷരങ്ങൾ തിരിച്ചറിയൽ<br>ഇംഗ്ലീഷിൽ സംസാരിക്കാനും<br>സർവ്വോന്മുഖമായ വികസനം<br>അവതരണ മികവ് |
| 2. മലയാളം | 1. ടാലന്റ് ലാബ്<br>2. വായനാക്കൂട്ടം<br>3. ബാലലോകം<br>4. പുസ്തക ചങ്ങാതി | സർഗാത്മകത<br>വായനാ ശീലം<br>അവതരണ മികവ് സാഹിത്യ രൂപങ്ങൾ<br>പരിചയപ്പെടൽ |
| 3. ഹിന്ദി | 1. എന്റെ രാഷ്ട്ര ഭാഷ | ഹിന്ദി ഭാഷിയിൽ സംസാരിക്കാൻ |
| 4. സയൻസ് | 1. പ്രകാശ സംശ്ലേഷണം ജീവന്റെ നിലനില്പിന്<br>2. തിരിച്ചറിയാം പ്രതിരോധിക്കാം<br>3. ജീവനം<br>4. ആയുഷ് അറിവുകൾ<br>5. ശാസ്ത്ര കൗതുകം | സസ്യ സംരക്ഷണം<br>പകർച്ചവ്യാധികൾ പകരാതിരിക്കാൻ<br>പരിസ്ഥിതി സംരക്ഷണം<br>ഔഷധത്തോട്ട പരിപാലനം<br>രാസവസ്തുക്കൾ പരിചയപ്പെടൽ |
| 5. സോഷ്യൽ സയൻസ് | 1. ഭൂമിയ അറിയാൻ<br>2. നേതാവ്<br>3. സാമൂഹ്യ ശാസ്ത്ര ലാബ്<br>4. ഉത്തമ പൗരൻ | സ്ഥാന നിർണ്ണയം<br>ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>പഠനോപകരണ നിർമ്മാണം<br>സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് |
| 6. ഗണിതം | 1. ഗണിത ലാബ്<br>2. കളികളിലൂടെ ഗണിതം<br>3. ഫുഡ് ഫെസ്റ്റ് | ആശയ വ്യക്തതയോടെ ഗണിത പഠനം<br>വിവിധ തരം ഗണിത കളികൾ<br>ലാഭനഷ്ടങ്ങൾ കണക്കാക്കാൻ |
| 7. | 1. ലളിതം ഗണിതം<br>2. വായന മധുരം | സംഖ്യകൾ തിരിച്ചറിയുക<br>വായനാശേഷി വളർത്തുക |
| 8. പ്രവൃത്തി പഠനം | 1. വിഷയ മേഖലകൾ<br>2. വിനോദം<br>3. നിർമ്മാണം | ലഘുഭക്ഷണ പദാർത്ഥങ്ങൾ തയ്യാറാക്കൽ<br>അലങ്കാര വസ്തുക്കൾ നിർമ്മിക്കൽ<br>സേവന ഉപയോഗമായ വസ്തുക്കളുടെ<br>നിർമ്മാണം |

മലയാളം 1

| Sl No | പദ്ധതി Programme | Activity / പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. | ഭാഷാപരമായി പിന്നാക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിൽ) | 1. അക്ഷരം ഉറപ്പിക്കൽ<br>2. അടയാളം ഉറപ്പിക്കൽ<br>3. അക്ഷര കാർഡ് നൽകൽ<br>4 വാക്കുകൾ എഴുതിയ കാർഡ്<br>5. വാക്ക്, വാക്യനിർമാണം<br>6. ചിത്രം – കഥ പറയൽ<br>7. ചിത്രം – കഥ എഴുതൽ<br>– കഥ ബാക്കി എഴുതൽ (പൂർത്തിയാക്കുക)<br>8. കഥാ പുസ്തകം നൽകൽ<br>9. ഭാഷാ പരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ്. | മൂന്നു മാസം | പുസ്തകങ്ങൾ<br>അക്ഷര കാർഡുകൾ<br>പദകാർഡുകൾ<br>Internet പിന്തുണ | UP<br>HS<br>അധ്യാപകർ |
| 2 | കുട്ടിയെ മികച്ച വായനക്കാരനാക്കൽ | – ക്ലാസ്സ് തല വായനക്കൂട്ടം<br>– ക്ലാസ്സ് ലൈബ്രറി<br>– സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>– സമീപ ഗ്രന്ഥശാല അംഗത്വം<br>– വായനോത്സവം സംഘടിപ്പിക്കൽ<br>പത്രവായന<br>അമ്മ വായന<br>വായനാനുഭവം പങ്കുവെക്കൽ<br>വായനക്കുറിപ്പ് – പതിപ്പ്<br>ആസ്വാദനക്കുറിപ്പ് – പതിപ്പ് | 6 മാസം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>മാസികകൾ<br>ബാലമാസികകൾ | UP<br>HS<br>മലയാളം അധ്യാപകർ<br>PTA<br>ഗ്രന്ഥശാല |

| Sl No | പദ്ധതി | പ്രവർത്തനം | കാലയളവ് | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| | | - വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം<br>- ദിനാചരണങ്ങൾ<br>- സാഹിത്യകാരന്മാരുമായുള്ള അഭിമുഖം - ചോദ്യാവലി തയ്യാറാക്കൽ<br>- ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും<br>- ഡിജിറ്റൽ ലൈബ്രറി | ഇന്റർനെറ്റ് ~~കമ്പ്യൂട്ടർ~~ പ്രൊജക്ടർ സൗകര്യം | ഇന്റർനെറ്റ് കമ്പ്യൂട്ടർ പ്രൊജക്ടർ സൗകര്യം ഉപയോഗപ്പെടുത്തുന്നു | |
| 3 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | - ക്ലാസ്സ് ലൈബ്രറി<br>- സ്കൂൾ ലൈബ്രറി<br>- വായനക്കുറിപ്പ് പതിപ്പ്<br>- ആസ്വാദനക്കുറിപ്പ് പതിപ്പ്<br>- വിവിധ സാഹിത്യപ്രസ്ഥാനങ്ങൾ - കലാരൂപങ്ങൾ പരിചയപ്പെടൽ<br>കടംകഥ, പഴഞ്ചൊൽ, ശൈലി പരിചയപ്പെടുന്നു<br>- പ്രസിദ്ധ മഹദ്‌വചനങ്ങൾ അറിയുന്നു.<br>- പൊതുവേദികളിൽ സംസാരിക്കാനുള്ള കഴിവ്<br>- സാഹിത്യകാരന്മാരെയും കൃതികളെയും അറിയൽ. | 1 വർഷം | ക്ലാസ്സ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>ജീവചരിത്ര പുസ്തകങ്ങൾ<br>സാഹിത്യകാരന്മാർ-കൃതികൾ-ചാർട്ടുകൾ | അധ്യാപകർ<br>PTA |

2025 - 26 അധ്യയനവർഷത്തിൽ മാതൃഭാഷയിൽ സർഗോന്മുഖമായ വികാസത്തിനുവേണ്ടി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ

<u>പ്രവർത്തനങ്ങൾ:</u>

1. <u>മലയാളത്തിളക്കം</u>

പ്രീടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുന്നു

2. <u>അക്ഷരം ഉറപ്പിക്കൽ</u>

ശരിയായ ഉച്ചാരണത്തിലൂടെയും ചിത്രത്തിന്റെ സഹായത്താലും അക്ഷരങ്ങൾ ഉറപ്പിക്കുന്നു

3. <u>അടയാളങ്ങൾ ഉറപ്പിക്കൽ</u>

ചിത്രസഹായത്താലും ICT സാധ്യത ഉപയോഗിച്ചും ചിഹ്നങ്ങൾ / അടയാളങ്ങൾ ഉറപ്പിക്കുന്നു.

4. <u>അക്ഷരകാർഡ്</u>, <u>വാക്കുകൾ എഴുതിയ കാർഡ്</u>

അക്ഷരകാർഡുകൾ നൽകി വാക്കുകൾ/പദങ്ങൾ രൂപീകരിക്കുന്നു. വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു.

5. <u>ചിത്രം നൽകി</u> <u>അടിക്കുറിപ്പ്, കഥ എഴുതൽ.</u>

ചിത്രം നൽകി കഥ പറയിക്കുന്നു. അടിക്കുറിപ്പ്, കഥ എഴുതിക്കുന്നു. അധ്യാപിക പറയുന്ന കഥയുടെ ബാക്കി എഴുതുന്നു / പറയുന്നു. ഈ പ്രവർത്തനത്തിലൂടെ വിദ്യാർഥികളുടെ ഭാവന ഉണരുന്നു, സർഗാത്മകത വികസിക്കുന്നു.

6. കഥാ പുസ്തകം - നൽകൽ

കഥാ പുസ്തകം നൽകി വായിപ്പിക്കുകയും വായനക്കുറിപ്പ് എഴുതിക്കുകയും ചെയ്യുന്നു.

7. ഭിന്നശേഷിക്കാരെ പരിഗണിക്കുന്നു.

IED അധ്യാപകരുടെ സഹായത്തോടെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.

8. ക്ലാസ്സ് ലൈബ്രറി, സ്കൂൾ ലൈബ്രറി

കുട്ടികൾക്ക് പുസ്തകവിതരണ രജിസ്റ്റർ നൽകുന്നു. കുട്ടികളിൽ നിന്നു തെരഞ്ഞെടുക്കുന്ന കുട്ടി ലൈബ്രേറിയൻ ആയി പുസ്തകം വിതരണം, ബർത്ത് ഡേ പുസ്തകശേഖരണം നടത്തുന്നു.

9. വായനോത്സവം സംഘടിപ്പിക്കൽ

ജൂൺ 19 വായനാദിനത്തോടനുബന്ധിച്ചു നടത്തുന്ന പ്രവർത്തനം. കുട്ടികൾ വായിച്ച പുസ്തകങ്ങൾ ചർച്ച ചെയ്യുന്നു, വായനക്കുറിപ്പ്, ആസ്വാദനക്കുറിപ്പ്, അധ്യാപകർക്ക് പുസ്തകം പുസ്തകം പരിചയപ്പെടുത്തുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട കൃതികളുടെ ദൃശ്യാവിഷ്കാരം നടത്തുന്നു.

10. പത്രവായന

വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാക്കുന്നു

അസംബ്ലിയിൽ അറിവുകണ്ടെൽ, ചിത്രക്വിസ്, പ്രധാനപ്പെട്ട വാർത്തകൾ ശേഖരിച്ച് കൊളാഷ്, ചിത്രം തയ്യാറാക്കൽ തുടങ്ങിയ ചെയ്യാം.

11 അമ്മ വായന

സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കാനവസരം. വായനാദിനത്തോടനുബന്ധിച്ച് അവർക്കും വായനാനുഭവം പങ്കിടാനും കഥ, കവിത അവതരിപ്പിക്കാനും അവസരം.

12 വിദ്യാരംഗം കലാസാഹിത്യ വേദി പ്രവർത്തനം

വായന, എഴുത്ത്, ചിത്രരചന തുടങ്ങിയ മെച്ചപ്പെടുത്താൻ ഉതകുന്ന അവസരമൊരുക്കുന്നു. കഥാവായന, കവിതാലാപനം നടത്തുന്നു.

13 ഇ - വായന -

ഡിജിറ്റൽ ലൈബ്രറി ഉപയോഗപ്പെടുത്തി കുട്ടികളെ പുതിയൊരു ~~ലോകത്തിൽ~~ വായനാനുഭവം. വിക്കിപീഡിയ പരിചയപ്പെടുത്തൽ, ബ്ലോഗ് രൂപീകരണം, പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് നെറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനുള്ള ശേഷി.

14 വായനാദിന പ്രവർത്തനങ്ങൾ/വായനാപക്ഷാചരണം.

പി.എൻ. പണിക്കർ അനുസ്മരണം, വായനാക്കുറിപ്പുകൾ/ആസ്വാദനക്കുറിപ്പുകൾ, കാവ്യകേളി, വായനാമത്സരം, കഥപറയൽ, സാഹിത്യക്വിസ്, ഉപന്യാസ രചന.

15. ബഷീർ അനുസ്മരണം.

ബഷീർ കൃതികൾ – ബഷീറിന്റെ ജീവിതം – ചാർട്ട് ചെയ്യുന്നു. ബഷീർകഥാപാത്രങ്ങൾ – കുറിപ്പ് – ചിത്രം വര, ബഷീർ കൃതികൾ – വായന – ആസ്വാദനക്കുറിപ്പ്

16. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ.

മലയാള സാഹിത്യത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ, സാഹിത്യകൃതികൾ പരിചയപ്പെടൽ – സാഹിത്യകാരന്മാരുടെ ചിത്രം, പേരുകൾ, കൃതികൾ ആൽബം തയ്യാറാക്കുന്നു.

17. ചുമർ പത്രിക

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടും ചുമർ പത്രിക തയ്യാറാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ടും തയ്യാറാക്കാം.

18. പൊതുവേദിയിലെ പ്രകടനങ്ങൾ

കുട്ടികളിലെ ഭയം, സഭാകമ്പം, എന്നിവ മാറ്റിയെടുക്കാൻ അസംബ്ലി, റേഡിയോ ക്ലബ്ബ്, സർഗവേള എന്നിവ സംഘടിപ്പിക്കുന്നു. സ്വന്തം രചനകൾ അവതരിപ്പിക്കാൻ അവസരം നൽകുന്നതിലൂടെ കുട്ടി എഴുത്തുകാർ വളരുന്നു.

19. രചയിതാക്കളെ പരിചയപ്പെടൽ

രചയിതാവിന്റെ ഓർമ്മ ദിവസത്തെ മുൻനിർത്തി പവർ പോയിന്റ് പ്രസന്റേഷൻ – അസംബ്ലിയിൽ സാഹിത്യകാരന്മാരെ പരിചയപ്പെടുത്തുന്നു കൃതികൾ – വായനക്കുറിപ്പ് അവതരണം.

## ഫീൽഡ് ട്രിപ്പ്

എഴുത്തുകാരുടെയും നവോത്ഥാന നായകന്മാരുടെയും, ചരിത്രകാരന്മാരുടെയും ജന്മസ്ഥലം, സ്മാരകങ്ങൾ, മ്യൂസിയങ്ങൾ സന്ദർശനം.

കുമാരനാശാൻ - തോന്നയ്ക്കൽ
ശ്രീനാരായണഗുരു - അരുവിപ്പുറം, ചെമ്പഴന്തി
അയ്യങ്കാളി - വെങ്ങാനൂർ

## ശില്പശാലകൾ സംഘടിപ്പിക്കൽ

നാടൻ പാട്ട്, നാടകക്കളരി, തിരക്കഥാരചന കഥ - കവിത ശില്പശാലകൾ സംഘടിപ്പിക്കുന്നു.

Academic Plan for High School - English

| SL No. | Aim / Objective | Activities | Duration |
|---|---|---|---|
| 1. | Foundation and diagnosis, Assess prior knowledge, build rapport | Icebreakers, diagnostic test.<br>Reading: Prose lesson 1<br>Grammar: Parts of Speech<br>Writing: Paragraph "My First Day at School"<br>Activity: Vocabulary Wall.<br>Assessment: Diagnostic worksheet + oral task. | 4 weeks |
| 2. | Language building, Improve grammar accuracy & fluency | Poem 1 - Literary devices,<br>Grammar - Tenses (Simple & Continuous)<br>Writing - Informal letter<br>Listening & Speaking tasks.<br>Activity: Vocabulary Bingo<br>Assessment: Letter + Grammar quiz | 4 weeks. |

| | | |
|---|---|---|
| 3. Content & Communication. Use real-life topics for fluency. | Reading: Prose lesson 2 (role play)<br>Grammar: Articles & SVA<br>Writing: Descriptive Passage<br>Speaking: Extempore | 4 weeks |
| 4. Midterm Revision & Reflection exam | Reading: Poem 2, Tone, Theme<br>Grammar: Adjectives & Adverbs.<br>Writing: Notice, Message<br>Speaking: GD on "Digital Life" | 4 weeks. |
| 5. Deep dive into themes, Enhance analytical skills. | Reading: Prose lesson 3.<br>Grammar: Clauses.<br>Writing: Formal letter<br>Speaking: Debate (Books vs TV) | " |
| 6. Imagination & Expression, Stimulate creativity | Reading: Poem 3 + Supplementary Reader appreciation<br>Grammar: Reported Speech<br>Writing: Story Writing<br>Speaking: Twist the ending | " |

| | | | |
|---|---|---|---|
| | Build real life communication. | Reading - Prose lesson 4 (News article comparison)<br>Grammar: Active - Passive Voice<br>Writing: Report / Biography<br>Listening & Speaking: News Clip | 4 weeks |
| 8. | Critical thinking & Analysis | Reading: Drama, Skit<br>Grammar: Prepositions & Punctuations<br>Writing: Argumentative Essay<br>Speaking: Panel Discussion | " |
| 9. | Exam Practice & Feedback | Grammar Revision - Model Test Paper<br>Reading, Writing, Speaking, Listening - activities leading to English Test | 6 weeks. |

# Academic Master Plan

വിഷയം : ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാകുട്ടികൾക്കും ഹിന്ദിഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന- പ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുക

| ക്രമനമ്പർ | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണച്ചുമതല |
|---|---|---|---|---|
| 1 | UP തലത്തിൽ പിന്നോക്കക്കാരിൽ പാഠങ്ങളും അക്ഷരങ്ങളും ഉറപ്പിക്കൽ | * അക്ഷരം എഴുത്ത്<br>* ചിഹ്നം ഉറപ്പിക്കൽ<br>* അക്ഷരമാല പ്രദർശനം<br>* വാക്കുകൾ എഴുതിയ കാർഡുകൾ<br>* ഓൺലൈൻ അക്ഷരമാലകൾ<br>* വാക്കുകൾ നിർമ്മാണം<br>* വാക്യങ്ങളുടെ നിർമ്മാണം. | ജൂൺ-ജൂലൈ | അധ്യാപിക നിസോജ്സ് മിഥുൻ |
| 2 | HS തലത്തിൽ കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നി ലക്ഷ്യങ്ങളോടെ ഭാഷാ വസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | * കൈയെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നടത്തും.<br>* ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനക്കായി നൽകും.<br>* കവിത, കഥ. രചിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ജൂൺ - ജൂലൈ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | നിർവ്വഹണച്ചുമതല | ന |
|---|---|---|---|---|
| ...നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. ...വാക്യഘടന പരിചയപ്പെടുത്തുന്നു. ...ചെറിയ ചെറിയ ...സൂത്രവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. സർവ്വനാമം, വിശേഷണം എന്നിവ പറയുന്നു. കണ്ടെത്തി എഴുതിപ്പിക്കുന്നു. കവിത, കഥ [illegible] വായിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | ഓഗസ്റ്റ് – ഒക്ടോബർ | അധ്യാപിക Resource Teacher | |
| ...സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി കലോത്സവം വിദ്യാലയത്തിൽ നടത്തുക കുട്ടികളുടെ വിദ്യ... പങ്കാളിത്തം ഉറപ്പു വരുത്തുക. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം, സ്കിറ്റ് എന്നിവ സംഘടിപ്പിക്കുന്നു. | നവംബർ – ജനുവരി | അധ്യാപിക Resource Teacher | |

# SOCIAL SCIENCE

Date : ..............................                Page No. 1

## ഫീൽഡ് ട്രിപ്പ്

**അവസ്ഥാ വിശകലനം:-**

പാഠഭാഗങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനും, പ്രകൃതി പ്രതിഭാസങ്ങളെ നിരീക്ഷിക്കുന്നതിനും, കുട്ടികളിൽ ഗവേഷണ താല്പര്യം വളർത്തിയെടുക്കുന്നതിനും ഫീൽഡ് ട്രിപ്പുകൾ അനിവാര്യമാണെന്ന് മനസ്സിലാക്കി.

**പ്രതീക്ഷിത നേട്ടങ്ങൾ:-**

* വിദ്യാർത്ഥികളിൽ അവരുടെ ദൈനംദിന പ്രവർത്തനങ്ങൾക്ക് പുറമെയുള്ള അനുഭവങ്ങൾ നൽകുക

* ഒരു വിഷയത്തെ അതിന്റെ സ്വാഭാവിക അവസ്ഥയിൽ നിരീക്ഷിക്കാൻ സാധിക്കുന്നു.

* പഠനത്തിൽ ഉയർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കും താഴ്ന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കും ഒരു പോലെ സാംസ്കാരിക അനുഭവങ്ങൾ നേടുന്നതിന് സഹായിക്കുന്നു.

* പൈതൃക സമ്പത്തിനെ കുറിച്ച് ബോധവാന്മാരാക്കുക.

* ചരിത്ര സ്മാരകങ്ങൾ സംരക്ഷിക്കപ്പെടേണ്ടതാണ് എന്ന അവബോധം വളർത്തുക.

## പ്രവർത്തന ഘട്ടങ്ങൾ

Subject council കൂടി ചർച്ച ചെയ്യുന്നു.

പുരാവസ്തുക്കൾ, നാണയങ്ങൾ എന്നിവയുടെ പ്രദർശനം സോഷ്യൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്നു.

## നിർവ്വഹണ കാലഘട്ടം

ജൂലൈ മാസം.

ക്ലാസ് പാർലമെന്റ് / സ്കൂൾ പാർലമെന്റ് /

മോക്ക് പാർലമെന്റ്.

അവസ്ഥാ വിശകലനം:-

ജനാധിപത്യമൂല്യങ്ങൾ/ മനോഭാവങ്ങൾ എന്നിവയിലൂടെ അറിവ് പരിമിതമാണെന്നുള്ള തിരിച്ചറിവ്.

പ്രതീക്ഷിത നേട്ടങ്ങൾ:-

ജനാധിപത്യ മനോഭാവം വളർത്തി-യെടുക്കുക.

പൗരബോധം വളർത്തുക.

പ്രവർത്തന ഘട്ടങ്ങൾ

Subject council കൂടിചർച്ച ചെയ്യുന്നു.

നിർവ്വഹണ കാലഘട്ടം.

ജൂൺ, ജൂലൈ, ആഗസ്റ്റ്. മാസങ്ങൾ

# സാമൂഹ്യശാസ്ത്ര ക്ലബ്ബ്.

## ആവശ്യതാവിശകലനം:

പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ലഭ്യമായ പ്രതികരണങ്ങളിൽ നിന്നും വിവരശേഖരണത്തിനും, ആശയങ്ങൾ ഉൾക്കൊള്ളുന്നതിനും കൂടുതൽ അറിവ് ലഭ്യമാക്കുന്നതിനും പാഠപുസ്തകങ്ങൾ അപര്യാപ്തമാണെന്ന് മനസ്സിലാക്കി.

## പ്രതീക്ഷിത നേട്ടങ്ങൾ

* സാമൂഹ്യശാസ്ത്ര പഠനം എളുപ്പമാക്കുക
* സാമൂഹ്യമൂല്യങ്ങൾ വളർത്തുക
* സാമൂഹിക ആശയങ്ങൾ ഉൾക്കൊണ്ട് നല്ല പൗരൻമാരായി വളരുക
* വിഷയം കൂടുതൽ ശ്രദ്ധയോടെ പഠിക്കാൻ പ്രചോദനം നൽകുന്നു
* വിദ്യാർത്ഥികളുടെ സാമൂഹിക പ്രവർത്തനങ്ങളിൽ നിന്നുള്ള അറിവുകൾ മെച്ചപ്പെടുത്തുക.

Date : ..............................



പ്രവർത്തന രീതികൾ

Subject council കൂടി ചർച്ച ചെയ്യുന്നു.

Social science lab ഒരുക്കൽ.

- ഭൂപട ചിത്ര ശേഖരങ്ങൾ, നാണയങ്ങൾ, ഗ്ലോബുകൾ Still model & working model ഇവ സംഘടിപ്പിക്കുന്നു.

നിർവ്വഹണ കാലഘട്ടം.

ജൂലൈ മുതൽ December വരെ.

വിദ്യാർത്ഥികൾക്ക് ഉന്നത നിലവാരം കൈവരിക്കാൻ പൊതുവിജ്ഞാനം വളർത്തുക.

അവസ്ഥാ വിശകലനം:-

പാഠഭാഗങ്ങൾ കൈകാര്യം ചെയ്യുമ്പോൾ പത്രമാധ്യമ പംക്തികളിൽ നിന്നും, ചോദ്യോത്തരവേളകളിൽ നിന്നും ലഭ്യമാകുന്ന ഉത്തരങ്ങളിൽ നിന്നും കുട്ടികളുടെ പൊതുവിജ്ഞാനം വർധിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് മനസ്സിലായി.

പ്രതീക്ഷിത നേട്ടങ്ങൾ:-

* സമകാലിക വിഷയങ്ങളെക്കുറിച്ചുള്ള കുട്ടികളുടെ അറിവ് പരിശോധിക്കുന്നതിന്.
* വിദ്യാർത്ഥികളുടെ അറിവ് വർധിപ്പിക്കുന്നതിന്.
* കുട്ടികളിലെ വായനാശീലം വളർത്തുന്നതിന്
* ആരോഗ്യപരമായ സംവാദത്തിന് കുട്ടികളെ ഉൾപ്പെടുത്തുന്നതിന്.

Date : ..............................



## പ്രവർത്തന രീതികൾ

* Subject Council കൂടി ചർച്ച ചെയ്യുന്നു
* School Library പ്രയോജനപ്പെടുത്തി -ക്കൊണ്ട് പൊതുവിജ്ഞാനം പ്രദാനം ചെയ്യുന്ന പുസ്തകങ്ങൾ കൂടുതൽ Library- -യിൽ ലഭ്യമാക്കുന്നു.
* സ്കൂളിൽ ലഭ്യമാകുന്ന News paper വായിച്ച് സ്വന്തമായി ധാരാളം കുറിപ്പും ചോദ്യങ്ങൾ തയ്യാറാക്കുവാനും നിർദ്ദേശം നൽകുന്നു.

## നിർവ്വഹണ കാലയളവ്

June മുതൽ March വരെ.

മേഖല - ഹെൽത്ത് & സയൻസ്, UP - സയൻസ്

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വശങ്ങൾ |
|---|---|---|---|---|---|
| 1. | കുട്ടികളുടെ നിരീക്ഷണ പാടവം, ഊഹിക്കാം, നിഗമനം, പരീക്ഷണ രീതി, അവതരണ മികവ് ഇവ പരിപോഷിപ്പിക്കുക. | സ്കൂൾ അസംബ്ലി പ്രോഗ്രാമിൽ ഓരോ ക്ലാസ്സുകാരും ഒരു ശാസ്ത്ര പരീക്ഷണം ഉൾപ്പെടുത്തി, അവതരിപ്പിക്കുക. | അതാതു ദിവസങ്ങൾ | UP, HS സയൻസ് അധ്യാപകർ | |
| 2. | നിരന്തരമായി അന്വേഷണം നടത്തുകയും, ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുക. പഠിച്ച കാര്യങ്ങൾ പ്രായോഗിക തലത്തിൽ എത്തിക്കാനുള്ള കഴിവ് നേടുക. | ക്ലാസ്സുകളിൽ സെമിനാറുകൾ അവതരിപ്പിച്ച് മെച്ചപ്പെട്ടവ പൊതുവേദിയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. ശാസ്ത്ര ക്വിസുകൾ, പരീക്ഷണങ്ങൾ ഇവ, സ്കൂൾ ശാസ്ത്രമേള, പഠനോത്സവം, ഇവയിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. 6ാം ക്ലാസ്സിലെ കുട്ടികൾ ആഹാരവും ജീവിതവും എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് സ്കൂളിലെ എല്ലാ കുട്ടികളുടെയും BMI കണ്ടുപിടിക്കാനുള്ള പ്രവർത്തനം ചെയ്യുന്നു. | അക്കാദമിക വർഷം | UP, HS സയൻസ് അധ്യാപകർ | പി.ടി.എ. |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
| --- | --- | --- | --- | --- |
| കുട്ടികളിലെ ഇന്നൊവേറ്റീവ് തിങ്കിംഗ് വർദ്ധിപ്പിക്കുക. | സ്കൂളിലെ എല്ലാ കുട്ടികൾക്കുമായി ഐഡിയ ഫെസ്റ്റ് നടത്തുകയും തെരഞ്ഞെടുക്കപ്പെടുന്ന മികച്ച ആശയങ്ങൾ നൽകുന്ന കുട്ടികളെ YIP, Inspire Award തുടങ്ങിയ പദ്ധതികളിൽ പങ്കെടുക്കുവാൻ പ്രാപ്തരാക്കുക. | അക്കാദമിക വർഷം | UP, HS സയൻസ് അധ്യാപകർ | PTA. [illegible] സയൻസ് ക്ലബ്. |
| 4. മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രബോധം വളർത്തുക. | ക്ലാസ് ലൈബ്രറി, ഡിജിറ്റൽ ലൈബ്രറി ഇവ ഉപയോഗപ്പെടുത്തി ശാസ്ത്ര പോർട്ടലുകൾ, മാസികകൾ ഇവ വായിക്കാനുള്ള അവസരങ്ങൾ നൽകുന്നു. | അക്കാദമിക വർഷം. | UP, HS സയൻസ് അധ്യാപകർ. | |
| 5. പരിസ്ഥിതി സൗഹാർദ്ദ മനോഭാവം വർദ്ധിപ്പിക്കുക, നേരറിവ് വർദ്ധിപ്പിക്കുക. | ഉദ്യാന നിർമാണം.<br>സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധന ക്യാമ്പസ്.<br>പരിസ്ഥിതിയുമായി ബന്ധപ്പെട്ട ഡോക്യുമെന്ററി പ്രദർശനം.<br>ഫീൽഡ് ട്രിപ്പ് | അക്കാദമിക വർഷം | UP, HS സയൻസ് അധ്യാപകർ | PTA സയൻസ് ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സഹായികൾ |
|---|---|---|---|---|
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രീയ നിരീക്ഷണങ്ങൾ | ഔഷധസസ്യങ്ങളും, പച്ചക്കറികളും ഫലവൃക്ഷങ്ങളും എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ജൈവ പാർക്ക് നിർമ്മാണം.<br>ജൈവസമ്പത്ത് കണ്ടെത്താനുള്ള യാത്രകൾ നടത്തി, സ്കൂൾ പരിസരത്തുള്ള സസ്യങ്ങളുടെ പേരും വിവരങ്ങളും അടങ്ങിയ Register തയ്യാറാക്കുന്നു.<br>വംശനാശ ഭീഷണിയുള്ള സസ്യങ്ങളുടെയും ജന്തുക്കളുടെയും രജിസ്റ്റർ തയ്യാറാക്കുന്നു.<br>പരിസരത്തെ പ്രധാനപ്പെട്ട പ്രദേശങ്ങൾ സന്ദർശിക്കുന്നു. | നിരന്തര [illegible] | H.S<br>UP<br>സയൻസ് അധ്യാപകർ | PTA<br>സയൻസ് ക്ലബ്<br>ECO ക്ലബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| ഭക്ഷ്യ വിളകൾ പരമ്പരാഗതമായുള്ള കൃഷിരീതികൾ ഉണ്ടാക്കാൻ പ്രേരിപ്പിക്കുക.<br>പ്രതിരോധ ശക്തി വർദ്ധിപ്പിക്കുന്ന ഭക്ഷണരീതി പാലിക്കാനും പോഷക ഗുണം അടങ്ങിയ ഭക്ഷണം തെരഞ്ഞെടുക്കാനുള്ള കഴിവ് വളർത്തുക. | ഭക്ഷ്യ വിളകളും പരമ്പരാഗത രോഗങ്ങളും തിരിച്ചറിയാൻ വിവരശേഖരണം ICT സഹായത്തോടെ ശേഖരിക്കുന്നു.<br>വ്യക്തി ശുചിത്വം, പരിസര ശുചിത്വം മാലിന്യ നിർമ്മാർജ്ജനം എന്നിവ മനസ്സിലാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. സ്കൂളും പരിസരവും ശുചിയായി സൂക്ഷിക്കുന്ന പ്രവർത്തനത്തിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു. പ്ലാസ്റ്റിക് ഉപയോഗത്തിന്റെ ദൂഷ്യവശം ബോധ്യ സന്ദർഭങ്ങൾ വഴി തിരിച്ചറിയാനുള്ള മനസ്സിലാക്കാനുള്ള പ്രവർത്തന ശേഖരണം. സാംക്രമിക രോഗകാരികളായ ജീവികളെ നശിപ്പിക്കുന്നതിന് ഒരുക്കുന്നതിനുള്ള സാഹചര്യം നശിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ | അക്കാദമിക വർഷം | HS, UP സയൻസ് അധ്യാപകർ | PTA സയൻസ് club Eco club |

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

## ഗണിതം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശില്പശാല നടത്തി ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു | ജൂൺ | UP & HS Teachers |
| 2 | ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിലെത്തിക്കുന്നു. | ഗണിത ക്ലിനിക്ക് ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ആഴ്ചയിൽ ഒന്ന് | " |

| | | | | |
|---|---|---|---|---|
| 3 | നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ശില്പശാല നടത്തുന്നു | തുടർ പ്രവർത്തനം | UP & HS [illegible] |
| 4 | ഗണിത ആശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ക്ലബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | UP & HS |
| 5 | സംഘബോധം ഉണ്ടാക്കൽ | സംഘപഠനം | തുടർ പ്രവർത്തനം | UP & HS |
| 6 | അധ്യാപകർ കാലാനുസൃതമായി ചെയ്ത് ചെറിയ ക്ലാസ് മുറിയിലെ തുടർപഠനം സാധ്യമാക്കി കുട്ടികളിൽ മനോസ്ഥാനം ഉറപ്പിക്കുന്നു. | വിഷയ സമിതിയുടെ മികച്ച പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പഠനാനുഭവങ്ങൾ എന്നിവ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | തുടർ പ്രവർത്തനം | " |
| 7 | ഗണിത മേളകളിൽ ഊർജ്ജസ്വലത കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിൽ ഒന്ന് | " |

| | | | | |
|---|---|---|---|---|
| 8 | ഗണിത ലാബ് | ശില്പശാലകളിലൂടെ ലാബിലേക്ക് ആവശ്യമായ പഠനോപകരണങ്ങൾ ശേഖരിക്കൽ | July - Dec | UP & HS [illegible] |
| 9 | ആധുനിക ശാസ്ത്രസാങ്കേതിക വിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ജിയോജിബ്രയിൽ പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | മാസത്തിൽ ഒന്ന് | " |
| 10 | രക്ഷിതാക്കളെ ബോധവൽക്കരിക്കൽ | പി.ടി.എ നടത്തുന്നു. | വർഷത്തിൽ ഒന്ന് | " |

## UP English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1, കുട്ടികളിൽ ഇംഗ്ലീഷ് പഠിക്കാനുള്ള താൽപര്യം സൃഷ്ടിക്കുന്നതിനും അവസരം ഒരുക്കുന്നു. | സംഭാഷണങ്ങൾ, കഥ, സ്കിറ്റുകൾ മുതലായവ ചിത്രസഹായത്തോടെ ദൃശ്യാവിഷ്കാരങ്ങളിലൂടെ ചെയ്ത് കേൾപ്പിക്കുന്നു. തുടർന്ന് ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടികളെ പ്രോത്സാഹിപ്പിക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ. | ഇംഗ്ലീഷ് ക്ലബ്ബ്. |
| | ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | നിത്യജീവിതത്തിലുപയോഗിക്കുന്ന വസ്തുവിനെക്കുറിച്ച് വർണ്ണിക്കാൻ അവസരം കൊടുക്കുന്നു. വസ്തുക്കളെ നോക്കി കുട്ടികൾ തിരിച്ചറിയുന്നു. | ഓഗസ്റ്റ്. | ഇംഗ്ലീഷ് അധ്യാപകർ. | |

| | | | |
|---|---|---|---|
| | ദിവസേന ന്യൂസ് ഇംഗ്ലീഷിൽ കേൾക്കുന്നതിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. തിരിച്ച് ഉത്തരം അവതരിപ്പിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ മുഴുവനും | ഇംഗ്ലീഷ് അദ്ധ്യാപകർ |
| 2. ഭാഷാനൈപുണ്യങ്ങൾ പരിശീലിപ്പിക്കുന്നു. | വ്യത്യസ്ത തലങ്ങളിലുള്ള ലഘുവായന കാർഡുകൾ തയ്യാറാക്കുന്നു. ഓരോരുത്തരും വായിക്കുവാൻ അവസരം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത ഇംഗ്ലീഷ് വാക്കുകൾ ചാർട്ടിൽ എഴുതിയിട്ടുള്ളതിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ. |

| | | | |
|---|---|---|---|
| | പ്രസിദ്ധരായ ആളുകൾ നാടകരൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ. |
| | ഇംഗ്ലീഷ് ദിനപത്രം വായിക്കുവാനുള്ള അവസരം നല്കി Readers of the Month നെ തിരഞ്ഞെടുക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അധ്യാപകർ |
| 3. കുട്ടികൾക്കു ഇംഗ്ലീഷ് എഴുതാൻ പ്രോത്സാഹനം. | പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ ബോർഡിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണ വേളയിൽ | ഇംഗ്ലീഷ് അധ്യാപകർ. |
| | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ഡിജിറ്റൽ മാഗസിൻ എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം. | ഇംഗ്ലീഷ് അധ്യാപകർ. |
| 4. ഇംഗ്ലീഷ് ഭാഷയെ കുറിച്ച് ആത്മവിശ്വാസം ഉണ്ടാക്കുന്നു. | 5,6,7 ക്ലാസിലെ കുട്ടികൾക്ക് കലോത്സവം, Role play, Poem, Speech തുടങ്ങിയവയിൽ പ്രദർശന പരിപാടികളിലൂടെ പങ്കെടുക്കുവാൻ അവസരം കൊടുക്കുന്നു. | വർഷാവസാനം (പഠനോത്സവം) | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ. |

## മികവ് - UP സാമൂഹ്യശാസ്ത്രം

| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിന്റെ അടിസ്ഥാന അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിച്ച് നേടിയെടുക്കൽ. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് പഠിതാവിന്റെ അടിസ്ഥാന അറിവ് പരിശോധിക്കുന്നതിന് ചോദ്യാവലികൾ ഓരോ പഠിതാവിനും നൽകുന്നു. | ജൂൺ | നിർമ്മല ടി |
| 2 | പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കി മാറ്റിയെടുക്കുക. | Virtual Field Trip<br>ICT സാധ്യതകൾ ഉപയോഗിച്ച് ലോകത്തിലെ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലൂടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | വർഷം | 〃 |
| 3. | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട അറിവ് teamആയി പ്രവർത്തിച്ച് ആർജ്ജിക്കുന്നു. | കുട്ടികളെ 5 ഗ്രൂപ്പുകളാക്കി തിരിച്ച് ചുമതലകൾ കൊടുക്കുന്നു. ക്വിസ്, രാജ്യങ്ങൾ/സ്ഥലങ്ങൾ പരിചയപ്പെടുത്തൽ, വ്യക്തികളെ പരിചയപ്പെടുത്തൽ, വായനക്കുറിപ്പ്, ഗാനം, പത്രവാർത്തകൾ ഇവ ആഴ്ചയിൽ ഒരിക്കലെങ്കിലും ഗ്രൂപ്പടിസ്ഥാനത്തിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | വർഷം | 〃 |
| 4. | [illegible] കുട്ടികളെയും ഭൂപട വായനയിൽ മികവുള്ളവരാക്കി മാറ്റുക. | ഭൂപടത്തിന്റെ അടിസ്ഥാന ആശയങ്ങളായ ദിശ, അക്ഷാംശ-രേഖാംശങ്ങൾ, ദിക്ക്, സൂചിക, നിറങ്ങൾ, ചിഹ്നങ്ങളും, ഗ്ലോബ് എന്നിവ ഉപയോഗിച്ചുള്ള സ്ഥാന നിർണ്ണയം. | ആഗസ്റ്റ് | 〃 |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 5 | സാമൂഹ്യശാസ്ത്ര ലാബ് സജ്ജീകരിക്കൽ. | പാഠഭാഗവുമായി ബന്ധപ്പെട്ട് കുട്ടികൾ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ, ദിനാചരണങ്ങൾ, സ്കൂൾതലസാമൂഹ്യശാസ്ത്രമേള എന്നിവയുമായി ബന്ധപ്പെട്ട് നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ [ചാർട്ടുകൾ, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ, പ്രോജക്ട് പേപ്പറുകൾ, ശേഖരണം, ഗ്ലോബുകൾ, ഭൂപടങ്ങൾ, അറ്റ്ലസ്, ടെലസ്കോപ്പ്, പെയിന്റിംഗ്സ്.] | വർഷം | നിർമ്മല ടീ |
| 6. | പ്രകൃതിദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പഠിതാക്കളെ ബോധവാന്മാരാക്കുക. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ വീഡിയോകളിലെ ദൃശ്യങ്ങളിലൂടെ പ്രകൃതിദുരന്തങ്ങളുടെ ഭീകരതയെ കുറിച്ച് മനസ്സിലാക്കുകയും അഗ്നിശമനസേന ഉദ്യോഗസ്ഥരുടെ സഹായത്തോടെ Demonstration ക്ലാസുകൾ സംഘടിപ്പിക്കുകയും രക്ഷാപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് പഠിതാക്കളെ ബോധവാന്മാരാക്കുകയും ചെയ്യുന്നു. | ഒക്ടോബർ | " |
| 7. | വിവര വിനിമയ സാങ്കേതിക വിദ്യയുടെ ദുരുപയോഗങ്ങളെക്കുറിച്ചും ക്രിമിനൽ പ്രവർത്തനങ്ങളെക്കുറിച്ചും റോഡ് സുരക്ഷയെക്കുറിച്ചും വിദ്യാർത്ഥികളെ ബോധവത്കരിക്കുക | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ സൈബർ സുരക്ഷ ഉദ്യോഗസ്ഥരുടെയും, ട്രാഫിക് പോലീസിന്റെയും സഹായത്തോടെ കുട്ടികൾക്ക് റോഡ്സുരക്ഷ, സൈബർ കുറ്റകൃത്യം, ഡിജിറ്റൽ സാക്ഷരത, മൊബൈൽ ഫോൺ ലഹരി ഉപയോഗത്തിനെതിരെ, പൊതുമുതൽ സംരക്ഷണം, ആരോഗ്യം + വ്യായാമം - കായികക്ഷമത എന്നീ വിഷയങ്ങളെ ആസ്പദമാക്കിയുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു | വർഷം | " |

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 8. | ജനാധിപത്യ, മതേതര ചിന്ത മൂല്യങ്ങൾ, സാമൂഹ്യബോധ്യ-ങ്ങൾ, നിയമവ്യവസ്ഥയം, സാമൂഹികനീതി, ലിംഗനീതി, പ്രകൃതി സംരക്ഷണം മുതലായ വികസിപ്പിക്കുക. | സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തുന്നു. ഗ്രാമസഭ സന്ദർശനം, മനുഷ്യാവകാശ്യം നാഷണൽ ദിനാചരണങ്ങളിലൂടെ സാധ്യമാകുന്നു. | 1 വർഷം | നിർമ്മല ടീ. |
| 9. | കൃഷി, പാചകം എന്നിവയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് ഭക്ഷണവും ആരോഗ്യവും തമ്മിൽ ബന്ധപ്പെടുത്തി കുന്നു എന്ന ധാരണയിലൂടെ ഭക്ഷണം ശീലങ്ങളിലെ ന്യൂനതകൾ മാറ്റാൻ പ്രാപ്തരാക്കുന്നു. | കുട്ടികൾ വീട്ടിൽ പച്ചക്കറി കൃഷി ചെയ്യുന്നു. ഭക്ഷ്യസ്വയംപര്യാപ്തതയിൽ വലിയ മാറ്റങ്ങളെ കുറിച്ച് ചർച്ച സംഘടിപ്പിക്കുന്നു. സംവാദം- 'ജങ്ക് ഫുഡ്- വീട്ടിലെ ഭക്ഷണം'. കുട്ടികൾ വീട്ടിൽ നിന്നും തയ്യാറാക്കിയ നാടൻ ഭക്ഷ്യവിഭവങ്ങളുടെ പ്രദർശനം- ഭക്ഷ്യമേള സംഘടിപ്പിക്കുന്നു. കുട്ടികൾ തയ്യാറാക്കി കൊണ്ടുവന്ന നാടൻ വിഭവങ്ങൾ തയ്യാറാക്കുന്നവിധം കുട്ടികൾ വിശദീകരിക്കുന്നു. | ജൂൺ, ജൂലൈ | 〃 |
| | | | | |

## മേഖല : UP മലയാളം

| ക്രമനം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| --- | --- | --- | --- | --- |
| 1. | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | 1 Pre-Test<br>2 അക്ഷരവടിവും അക്ഷരമാലയും ഉറപ്പിക്കൽ<br>3 വായനകാർഡ്<br>4. പദസമ്പത്ത് - പദങ്ങളും വാക്യങ്ങളും നിർമ്മിക്കുക<br>5. ചിത്രം — അടിക്കുറിപ്പ്<br>6. ചിത്രവായന<br>7. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് 'മലയാളത്തിളക്കം' ക്ലാസ്സ്. | ജൂൺ/ജൂലൈ | ബിന്ദു Tr<br>ഗീത Tr<br>നിർമ്മല Tr |
| 2. | ഭാഷാപരമായ അടിസ്ഥാനശേഷികൾ കൈവരിക്കുക | 1. ഭാഷാകേളി അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി, ആശയഗ്രഹണം എന്നിവ വളർത്തുന്നു.<br>2. ഡയറിക്കുറിപ്പ്<br>3. വാർത്താലോകത്തേക്ക് :- പത്രം, ആഴ്ചപ്പതിപ്പ് മാസികകൾ എന്നിവ പതിവായി വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും, ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | ജൂലൈ | ,, |
| 3 | കുട്ടികളെ മികച്ച വായനക്കാരാക്കുക | 1. ക്ലാസ്സ് ലൈബ്രറി സജ്ജീകരിക്കൽ<br>2. പത്രവായന<br>3. വായനക്കുറിപ്പ്<br>4. വായിച്ച പുസ്തകം പരിചയപ്പെടുത്തുക<br>5. അതത് മാസത്തെ പ്രധാനസംഭവങ്ങൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | ആഗസ്റ്റ്<br>ഒക്ടോബർ<br>മാസംതോറും | ,, |

| ക്രമ നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 4 | [illegible] | 1. [illegible]<br>2. അഭിമുഖ സംഭാഷണം (സാഹിത്യകാരന്മാരുമായി)<br>3. സ്വന്തം രചനകൾ, വിവിധ ആവിഷ്കാര രീതികളിലൂടെ അവതരിപ്പിക്കുക (കഥ, കവിത, ഏകാഭിനയം, രചനാവതരണം) | 1 വർഷം | [illegible] Tr<br>[illegible] Tr<br>[illegible] Tr |
| 5. | ആശയം - പൊതു വേദിയിൽ സംസാരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗവേദിയിൽ സംസാരിക്കാൻ അവസരങ്ങൾ നൽകുക.<br>2. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിഷയങ്ങൾ നൽകുന്നു. | 1 വർഷം | വിദ്യാരംഗം കലാസാഹിത്യ വേദി. |
| 6. | പഠിതാക്കളുടെ സർഗാത്മകതയെ പരിപോഷിപ്പിക്കൽ | 1. സന്ദർഭാനുസാരം പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട് ചുമർ മാഗസിനുകൾ, ലഘുനാടകങ്ങൾ തയ്യാറാക്കി അവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | | |
| | | | | |

UP English.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തിക വിശകലനം. |
|---|---|---|---|---|
| 1. വായിക്കാൻ ഇംഗ്ലീഷിലുള്ള ന്യൂസ് പേപ്പറുകൾ സന്ദർഭോചിതമായും ശേഷിയാർജ്ജിക്കുന്നു.. | സംഭാഷണങ്ങൾ, കഥ, സ്കിറ്റുകൾ മുതലായവ ചിത്രീകരണങ്ങളോടൊപ്പം ... കേൾപ്പിക്കുന്നു. തുടർന്ന് ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ. | ഇംഗ്ലീഷ് ക്ലബ്. |
| | ഇംഗ്ലീഷിൽ നടക്കുന്ന വിവിധ മത്സരങ്ങളിലേക്കു സജ്ജരാക്കുന്നതിനും പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | നാടകാവതരണത്തിലൂടെ കുട്ടികളിലെ സർഗ്ഗാത്മകത വർദ്ധിപ്പിക്കാൻ ശ്രമിക്കുന്നു. വായനാശീലം കുട്ടികളിൽ വളർത്തുന്നു. | ഡിസംബർ. | ഇംഗ്ലീഷ് അധ്യാപകർ. | |

| | | | |
|---|---|---|---|
| | ആസൂത്രണ സമിതി ഇംഗ്ലീഷിന്റെ പ്രാധാന്യ ത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | ഇംഗ്ലീഷ് ദിനപത്രങ്ങൾ വരുത്തുന്നതിന് സ്കൂൾ ലൈബ്രറി പ്രോത്സാഹിപ്പിക്കുന്നു. [illegible] ആസ്വദിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | ഇംഗ്ലീഷ് ഭാഷ സംസാരിക്കുന്ന വ്യക്തികളു മായി [illegible] സംവദിക്കാനുള്ള അവസരം ഒരുക്കുന്നു. | ഡിസംബർ ജനുവരി | ഇംഗ്ലീഷ് അദ്ധ്യാപകർ |
| 2. ഭാഷാശേഷികൾ പരിശീലിപ്പിക്കുന്നു. | വ്യത്യസ്ത തരം ഇംഗ്ലീഷ് പത്രങ്ങൾ മാസികകൾ ശേഖരിക്കുന്നു. [illegible] വായിക്കുവാൻ അവസരം നൽകുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അദ്ധ്യാപകർ |
| | പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത ഇംഗ്ലീഷ് വാക്യങ്ങൾ ചാർട്ടിലെഴുതി വേദിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. | സെപ്റ്റംബർ | ഇംഗ്ലീഷ് അദ്ധ്യാപകർ. |

| | | | |
|---|---|---|---|
| | പ്രസിദ്ധമായ കഥകൾ നാടകരൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരം നൽകുന്നു. | ഓരോ ടേം തോറും | ഇംഗ്ലീഷ് അദ്ധ്യാപകർ. |
| | ഇംഗ്ലീഷ് സിനിമ കാണാനുള്ള അവസരം നൽകി Raiders of the Moob എന്ന പ്രദർശിപ്പിക്കുന്നു. | മാസംതോറും | ഇംഗ്ലീഷ് അദ്ധ്യാപകർ. |
| 3. കുട്ടികൾക്ക് ഇംഗ്ലീഷ് എഴുതാൻ പ്രോത്സാഹനം. | പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ സൗന്ദര്യവൽക്കരണത്തിലും ക്ലാസ് റൂമുകളിലും പ്രദർശിപ്പിക്കുന്നു. | ദിനാചരണ വേളകളിൽ | ഇംഗ്ലീഷ് അദ്ധ്യാപകർ. |
| | കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, വാൾ മാഗസിൻ എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം. | ഇംഗ്ലീഷ് അദ്ധ്യാപകർ. |
| 4. ഇംഗ്ലീഷ് സംസാരശേഷി മെച്ചപ്പെടുത്തുന്നു. | 5,6,7 ക്ലാസിലെ കുട്ടികൾക്ക് മാസത്തിൽ, Role play, Poem, Speech തുടങ്ങി ഓരോ പ്രവർത്തനം പരിപാടികളിലൂടെ അവതരിപ്പിക്കാൻ അവസരം കൊടുക്കുന്നു. | വർഷം മുഴുവൻ (പൊതുവേ നടത്തു) | ഇംഗ്ലീഷ് അദ്ധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ. |